# ഡോ. ശോശാമ്മ ഐപ്പിന് അവാർഡ് നൽകി



ശാസ്ത്ര - സാങ്കേതിക മേഖലയിൽ ദേശീയ - അന്തർദ്ദേശിയ മികവ് തെളിയിച്ചിട്ടുള്ളവർക്ക് മാർത്തോമ്മാ സഭയുടെ ആഭിമുഖ്യത്തിലുള്ള പതിനാറാമത് മേല്പാടം ആറ്റുമാലിൽ ജോർജ് കുട്ടി മെറിറ്റ് അവാർഡ് മൃഗസംരക്ഷണ പ്രവർത്തകയും പത്മശ്രീ അവാർഡ് ജേതാവുമായ ഡോ. ശോശാമ്മ ഐപ്പിന് നൽകി. നിരണം സ്വദേശിയായ ഡോ. ശോശാമ്മ ഐപ്പ് തൃശൂർ എബനേസർ ഇടവകാംഗമാണ്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ആണ് അവാർഡ്. യുവശാസ്ത്രജ്ഞർക്കുള്ള അവാർഡുകൾ ഡോ. ശാരദ പ്രസാദ് പ്രധാൻ (റൂർക്കി ഐ.ഐ.റ്റി. യിലെ എർത്ത് സയൻസ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് പ്രൊഫസർ), ഡോ. അശ്വനി കുമാർ തിവാരി (ന്യൂഡൽഹി ജവഹർലാൽ നെഹറു യൂണിവേഴ്സിററിയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസിലെ അസിസ്റ്റന്റ് പ്രൊഫസർ), ഡോ. അർണാബ് ദത്ത (ബോംബെ ഐ.ഐ.റ്റി. കെമിസ്ട്രി വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ) എന്നിവർക്ക് നൽകി. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. സമർത്ഥരായ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കുള്ള ജോർജ് സ്കോളർ സ്കോളർഷിപ്പ് ശ്രീ. സ്റ്റെബിൻ ഷിബു, സിർസി, മിസ് റോഷിനി ജയപ്രദു, സിദ്ധലഘട്ട, മിസ്. സാന്ദ്ര സാറാ വർഗീസ്, പത്തിയൂർ എന്നിവർക്കും പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കുള്ള സാറാമ്മ ജോൺസ് സ്കോളർഷിപ്പ് മിസ്. സ്നേഹ മനോജ്, അവലുക്കുന്ന്, മിസ് സവിത സാബു, വേഴപ്ര എന്നിവർക്കും നൽകി. ജീവകാരുണ്യ സ്ഥാപനത്തിനുള്ള പി. എസ്. ജോർജ് ഉപഹാരം കാട്ടാക്കട വയോജന മന്ദിരത്തിന് വേണ്ടി സൂപ്രണ്ട് റവ. രജീഷ് മാത്യു ഏറ്റുവാങ്ങി. തിരുവല്ല സഭാ കൗൺസിൽ ചേമ്പറിൽ 2025 ജനുവരി 7 ന് നടന്ന സമ്മേളനം അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. എൻഡോവ്മെന്റ് കമ്മറ്റി ചെയർമാൻ അഭിവന്ദ്യ ഡോ. ഐസക് മാർ ഫിലക്സിനോസ് അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ പ്രാരംഭ പ്രാർത്ഥനയും അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ സമാപന പ്രാർത്ഥനയും നടത്തി. സഭാ സെക്രട്ടറി റവ. എബി റ്റി. മാമ്മൻ സ്വാഗത പ്രസംഗം നടത്തി. ഡോ. ശോശാമ്മ ഐപ്പ് പ്രസംഗിച്ചു. വൈദിക ട്രസ്റ്റി റവ. ഡേവിഡ് ഡാനിയേൽ, അത്മായ ട്രസ്റ്റി അഡ്വ. ആൻസിൽ സഖറിയ കോമാട്ട് എന്നിവർ അവാർഡുകളും സ്കോളർഷിപ്പുകളും സമ്മാനിക്കുന്നതിനായി അവ അഭിവന്ദ്യ മെത്രാപ്പോലീത്തായ്ക്ക് കൈമാറി. അവാർഡുകളും സ്കോളർഷിപ്പുകളും അഭിവന്ദ്യ മെത്രാപ്പോലീത്താ വിതരണം ചെയ്തു. സഭാ കൗൺസിൽ അംഗം മിസ്. നീതു മേരി മാമ്മൻ അവതാരകയായിരുന്നു. സഭാ കൗൺസിൽ അംഗങ്ങളായ ഗായകസംഘം ഗാനം ആലപിച്ചു. അഭിവന്ദ്യരായ തോമസ് മാർ തീമൊഥെയോസ്, ഡോ. തോമസ് മാർ തീത്തോസ്, സഖറിയാസ് മാർ അപ്രേം, ഡോ. ജോസഫ് മാർ ഇവാനിയോസ്, മാത്യൂസ് മാർ സെറാഫിം എന്നീ എപ്പിസ്കോപ്പാമാരും എൻഡോവ്മെന്റ് ഏർപ്പെടുത്തിയ ശ്രീ. എ. വി. ജോൺസും വേദിയിൽ സന്നിഹിതരായിരുന്നു. സീനിയർ വികാരി ജനറാൾ വെരി റവ. മാത്യു ജോൺ, സഭാ കൗൺസിൽ അംഗങ്ങൾ, ആറ്റുമാലിൽ കുടുംബാംഗങ്ങൾ, സഭാ ആഫീസ് സ്റ്റാഫ് തുടങ്ങിയവർ സംബന്ധിച്ചു.

13.01.2025

**റവ. എബി റ്റി. മാമ്മൻ** (സഭാ സെക്രട്ടറി)

## സഭാ സെക്രട്ടറിയുടെ അറിയിപ്പ്

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ പ്രതിനിധി മണ്ഡലം - 2025

**മലങ്കര മാർത്തോമ്മാ സുറിയാനി സഭ വാർഷിക പ്രതിനിധി മണ്ഡലയോഗം 2025 സെപ്റ്റംബർ 2, 3, 4 (ചൊവ്വ, ബുധൻ, വ്യാഴം) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. യോഗ നടപടികൾ 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ മഹനീയ അദ്ധ്യക്ഷതയിൽ ആരംഭിക്കുന്നതാണ്.**

**01.02.2025**
**തിരുവല്ല**

**റവ. എബി റ്റി. മാമ്മൻ**
**സഭാ സെക്രട്ടറി**